ഇന്നത്തെ പാശ്ചാത്യ ചിത്രകലാ പ്രസ്ഥാനങ്ങൾ IV

കേസരി ബാലകൃഷ്ണപിള്ള



ഇന്നത്തെ പാശ്ചാത്യ ചിത്രകലാ
പ്രസ്ഥാനങ്ങൾ IV
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Self-portrait, painting by Vincent van Gogh (1853–1890). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഇന്നത്തെ പാശ്ചാത്യ ചിത്രകലാ പ്രസ്ഥാനങ്ങൾ IV

വിൻസെന്റ് വാൻഗോഗ്

Lust for Life.

മാനസികരോഗികൾക്കായുള്ള ഒരാസ്പത്രിയിൽവെച്ച് 1890-ൽ വാൻഗോഗ് ചിത്തഭ്രമത്താൽ ആത്മഹത്യ ചെയ്യുകയുണ്ടായി. തന്റെ ആത്മമിത്രമായി തന്നോടൊന്നിച്ച് പാർത്തിരുന്ന പ്രസിദ്ധചിത്രകാരനായ പോൾഗോഗിനോട് പിണങ്ങി വാൻഗോഗ് തന്റെ ഒരു ചെവി ചെത്തിക്കളയുകയും, തന്മൂലം പാശ്ചാത്യകലാലോകത്തിൽ ഏറ്റവും പ്രസിദ്ധപ്പെട്ട ഒരു കലഹം ജനിപ്പിക്കുകയും ചെയ്തു. ഗൂപ്പിൻ കമ്പനിയിലെ ഒരു അസിസ്റ്റന്റായിരുന്ന, പ്രായേണ സ്വന്തം പരിശ്രമംകൊണ്ട് മാത്രം ചിത്രമെഴുത്ത് പഠിച്ച വാൻഗോഗ് മർദ്ദിതരായി ദാരിദ്ര്യത്തിന്റെ അടിത്തട്ടിൽ ആണ്ടുകിടന്നിരുന്ന ഖനിവേലക്കാരോടൊന്നിച്ച് പാർത്ത് അവരെ യഥാശക്തി സഹായിച്ച് അവരെ അധഃപതനത്തിൽനിന്ന് കരയേറ്റുവാൻ ശ്രമിച്ചു.

പോൾഗോഗ്

പക്ഷേ, ഇവരോടുകൂടി ഏറിയ കാലം പാർക്കുന്നതിന് അദ്ദേഹത്തിന്റെ സ്വഭാവം അദ്ദേഹത്തെ അനുവദിക്കയായ്കയാലും, ചിത്രമെഴുത്തുവാനല്ലാതെ സമുദായ സേവനജോലിക്കോ പ്രായോഗിക ജീവിതത്തിനോ അദ്ദേഹത്തിന് ശേഷിയില്ലാതിരുന്നതിനാലും ഈ ശ്രമം പരാജയത്തിൽ കലാശിക്കുകയാണ് ചെയ്തത്. ഇത്തരം വിപര്യപൂർണ്ണവും പ്രക്ഷോഭകരവുമായ ഒരു ജീവിതം നയിച്ച വാൻഗോഗിന്റെ ചിത്രകലാരീതിയുടെ വളർച്ച വിവരിക്കുമ്പോൾ മെയിർ ഗ്രേഫ് എന്ന കലാനിരൂപകൻ ഒരു നോവലിന്റെ രീതിയിൽ അങ്ങനെ ചെയ്തിരിക്കുന്നതും, ഈ പ്രസിദ്ധ ചിത്രകാരന്റെ ജീവചരിത്രം രചിച്ച ഇർവിങ് സ്റ്റോൺ എന്ന അമേരിക്കക്കാരൻ അതിനെ (Lust for Life എന്നാണതിന്റെ പേര്) നോവൽ രൂപത്തിൽ രചിച്ചിരിക്കുന്നതും കണ്ട് അത്ഭുതപ്പെടാനൊന്നുമില്ല.

മെയിർ ഗ്രേഫ്.

തഹിഷ്യൻ ലാൻഡ്സ്കേപ്പ് (1892), പോൾഗോഗ്.

തലയിലെ വര

സമുദായ സേവനോദ്ദേശം, പ്രത്യേകിച്ച് അധഃപതിച്ച സമുദായ ഭാഗത്തെ സേവിക്കുന്നതിനുള്ള ഉദ്ദേശം, വാൻഗോഗിന്റെ ചിത്രമെഴുത്തിനുണ്ടായിരുന്നു. മർദ്ദിതരെ എങ്ങനെ സഹായിക്കാം, ചിത്രമെഴുത്തിൽ വാൻഗോഗിനെ സദാ അലട്ടിക്കൊണ്ടിരുന്ന പ്രശ്നം. സേസനേയും ഗോഗിനേയും സംബന്ധിച്ച് ഇങ്ങനെയൊരു പ്രശ്നം ജനിക്കയില്ലതന്നെ. ഒരു നല്ല ചിത്രത്തിന് സമുദായ സേവനവുമായി നേരിട്ടൊരു ബന്ധവും ഉണ്ടായിരിക്കുകയില്ല. കലാലാവണ്യമാണ് അതിന് പ്രാഥമികമായി വേണ്ടത്.



സേസൻ.

ഈ കലാലാവണ്യം മനുഷ്യരുടെ ഹൃദയങ്ങളിൽ വികാരങ്ങൾ ജനിപ്പിച്ച് ഈ വികാരപരത്വം മുഖേന അവ ഒരു സമുദായ സേവനാദി കർമ്മങ്ങൾക്ക് പ്രേരിപ്പിച്ചിരിക്കാം. ജനസാമാന്യത്തിന്റെ സേവനത്തെ ഉദ്ദേശിച്ച് വാൻഗോഗ് രചിച്ച ചിത്രങ്ങൾ ആ ജനസാമാന്യത്തിന് കണ്ട് ആനന്ദിക്കാൻ കഴിഞ്ഞില്ല. കലാകാരനും ജനസാമാന്യവും തമ്മിൽ വളരെ അകൽച്ച ഇന്ന് അതുകണ്ട് അത്ഭുതപ്പെടാനൊന്നുമില്ല. തന്റെ ചിത്രങ്ങളിൽ, 'തൊഴിലാളികളേ' നിങ്ങൾക്ക വേണ്ടിയാണ് ഞാൻ പ്രയത്നിക്കുന്നത് എന്ന് വാൻഗോഗ് സൂചിപ്പിച്ചിരുന്നുവെങ്കിലും തൊഴിലാളികൾ അദ്ദേഹത്തോട് മാന്യനോടെന്നപോലെ അകന്ന് പെരുമാറുകയാണ് ചെയ്തത്. വാൻഗോഗിന്റെ ചിത്രങ്ങളെ സുഖജീവിതത്തോട് ഘടിപ്പിച്ച് പിൽക്കാലങ്ങളിൽ ഏതാനും സംസ്കൃതചിത്തന്മാർ മാത്രം കണ്ടാനന്ദിച്ചിരുന്നു എന്ന് സംഭവിച്ചത് വിധിയുടെ വിളയാട്ടമെന്നേ പറയേണ്ടു.



ഐക്സ്-എൻ-പ്രോവെൻസിനടുത്തുള്ള ഉപേക്ഷിക്കപ്പെട്ട വീട്, സേസൻ.

വാൻഗോഗിന്റെ ചിത്രകലയുടെ സ്വഭാവം

ദ പൊട്ടറ്റോ ഈറ്റേഴ്സ്, വിൻസെന്റ് വാൻഗോഗ്.

പ്രസ്തുത സമുദായ സേവനമോഹത്തിന്റെ തീക്ഷ്ണത വാൻഗോഗിന്റെ ചിത്രങ്ങളിൽ പൊന്തിച്ചനിൽക്കുന്നു, അവയിൽ അദ്ദേഹം ചിത്രമെഴുതുകയല്ല. ചായംകൊണ്ട് പ്രസംഗിക്കുകയാണ് ചെയ്യുന്നത്. ഒരു വാഗ്മിയായ പ്രാസംഗികന്റെ ശക്തിയേറിയ അഭ്യർത്ഥനകൾക്ക് തുല്യം അദ്ദേഹം തന്റെ കൃതികളെ കനത്ത ചായക്ഷേപണങ്ങൾകൊണ്ട് നിറച്ചു. ഈ ചിത്രപരമായ വാഗ്മിത്വം അദ്ദേഹത്തിന്റെ പ്രത്യേകവും അദൃഷ്ടപൂർവ്വവുമായ ചിത്രകലാമാർഗ്ഗത്തിന് കാരണമായി ഭവിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പടങ്ങളിലെ പുല്ലും മരവും മലയും മേഘവും ഒന്നുപോലെ ഒരു വിചിത്രമായ ജീവച്ഛക്തികൊണ്ട് പുളയുകയാണ് ചെയ്യുന്നത്. പ്രത്യേകം പ്രത്യേകം ബ്രഷ് പ്രയോഗംകൊണ്ട് അദ്ദേഹം കനത്ത ചായം പ്രയോഗിച്ചിരിക്കുന്നു. ചായത്തിന് ബലം കൂട്ടേണ്ട ദിക്കുകളിൽ അദ്ദേഹം ചായട്യൂബിനെ ഞെക്കി ചായമൊഴിച്ചിരിക്കുന്നു. അഗ്നിജ്വാലോപമങ്ങളായ രേഖകൾക്കും രൂപങ്ങൾക്കും പ്രേക്ഷകരിൽ കടുത്ത ക്ഷോഭം ജനിപ്പിക്കുവാൻ ശക്തിയുണ്ടെന്ന് എല്ലാ ചിത്രകാരന്മാർക്കും അറിയാവുന്നതാണ്.

എൽഗ്രെക്കോ

ലോകത്തിലെ മഹാചിത്രകാരന്മാരായ ബോട്ടിസെല്ലി, മിക്കലാഞ്ചലോ, എൽഗ്രെക്കോ എന്നിവർ പ്രത്യേകിച്ച്, ബറോക്ക് പ്രസ്ഥാനത്തിലെ അതിപ്രധാന ചിത്രകാരനായ എൽഗ്രെക്കോ, ഈ അഗ്നിജ്വാലോപമങ്ങളായ രൂപങ്ങൾ വരച്ച് വലിയ ക്ഷോഭം ജനിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് പരമകാഷ്ഠ പ്രാപിച്ചിട്ടുള്ളത് വാൻഗോഗിന്റെ ചിത്രങ്ങളിലാകുന്നു. ഈ അഗ്നിജ്വാലകൾക്ക് ഔട്ട്ലൈൻ രേഖകൾ വാൻഗോഗ് വരച്ചിട്ടുള്ളത് പൗരസ്ത്യചിത്രകലാരീതിയനുസരിച്ചാണ്. പൗരസ്ത്യചിത്രകല രേഖകൾ പ്രയോഗിക്കുന്ന ചിത്രകലയും പാശ്ചാത്യ ചിത്രകല പ്ലെയിനുകൾ, അഥവാ പിണ്ഡങ്ങൾ (Mass) പ്രയോഗിക്കുന്ന ചിത്രകലയുമാണെന്ന് ഇവിടെ അറിഞ്ഞിരിക്കേണ്ടതാണ്. പൗരസ്ത്യചിത്രകലയിലെ ഔട്ട്ലൈൻ രേഖകൾ ചിത്രങ്ങളിലെ രൂപങ്ങളുടെ ഭാവത്തിന് ഉല്ലാസം നൽകും. മുകളിൽ വിവരിച്ച വർണ്ണങ്ങളുടെ മുഖരതയും അഗ്നിജ്വാലോപമരൂപങ്ങൾക്കും പുറമേ രൂപത്തെ താളാനുസൃതമായി (Rhythmically) വക്രിപ്പിക്കുന്നതും വാൻഗോഗിന്റെ സാങ്കേതിക മാർഗ്ഗത്തിന്റെ മറ്റൊരു ഘടകമാണ്. ചില രൂപങ്ങളുടെയും, ചില ടോണുകളുടെയും, ചില നിറങ്ങളുടെയും ആവർത്തനംകൊണ്ടാണ് ചിത്രമെഴുത്തിൽ താളം ജനിക്കുന്നത്. ഇത് പ്രേക്ഷകരുടെ മാനസങ്ങളിൽ ഒരു ശക്തിയേറിയ ബോധം ജനിപ്പിക്കും. സേസന്റെ ഘനീകരണവും, ഗോഗിന്റെ ലഘൂകരിച്ച ഡ്രോയിംഗും വാൻഗോഗിന്റെ കൃതികളിൽ കാണാം. എന്നാൽ ഇവരെക്കാൾ അധികമായി അദ്ദേഹം ചായത്തെ ആശ്രയിക്കുകയും ചെയ്തു.

വാൻഗോഗിന്റെ മഹത്ത്വം

റൂലിൻ എന്ന പോസ്റ്റമാൻ, വിൻസെന്റ് വാൻഗോഗ്.

സൂര്യകാന്തി പുഷ്പങ്ങൾ, വിൻസെന്റ് വാൻഗോഗ്.

വാൻഗോഗിന്റെ ചിത്രങ്ങളിൽ കാണുന്ന അദൃഷ്ടപൂർവ്വതയോട് സമീപിക്കുന്ന അദൃഷ്ടപൂർവ്വത പത്തൊമ്പതാം ശതാബ്ദത്തിലെ മറ്റൊരു പാശ്ചാത്യ ചിത്രകാരന്റെ കൃതികളിലും കാണാവുന്നതല്ല. അദ്ദേഹത്തെക്കാൾ അധികം ആത്മാർത്ഥതയോടെ മറ്റൊരു ചിത്രകാരനും പടം വരച്ചിട്ടില്ല. അദ്ദേഹം "ഒരു ഭ്രാന്തനെപ്പോലെ ചിത്രമെഴുതി" എന്ന സേസൻ ഒരിക്കൽ പറയുകയുണ്ടായി. അന്ത്യകാലത്ത് തന്നെ പിടികൂടിയ ചിത്തഭ്രമം വാൻഗോഗിന്റെ ചിത്രങ്ങളിലും പ്രതിബിംബിച്ച കാണാമെന്ന അർത്ഥത്തിലല്ല, പിന്നെയോ അദ്ദേഹത്തിന്റെ ചിത്രങ്ങളിൽ കാണാവുന്ന വികാരതീക്ഷ്ണതയും വർണ്ണങ്ങളുടെ മുഖരതയും വർണ്ണിക്കുവാൻ ഉദ്ദേശിച്ചാണ് സേസൻ ഇപ്രകാരം പ്രസ്താവിച്ചത്. വാൻഗോഗിന്റെ പടങ്ങളിൽ ചിത്തഭ്രമത്തിന്റെ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവ, ചായത്തിന് സാധിക്കുവാൻ കഴിയുന്നതിനെക്കാൾ അധികം വേല അതിനെക്കൊണ്ട് ചെയ്യിച്ചതിലാണ് സ്ഥിതി ചെയ്യുന്നതും.



ബോട്ടിസെല്ലി

വാൻഗോഗിന്റെ ചിത്രങ്ങളിൽ കാണുന്ന ഭ്രാന്തിന്റെ ഒരംശമെങ്കിലും തന്നെയും പിടികൂടിയിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്ന് ഒരു ആർട് സ്കൂളിലെ പ്രസിദ്ധനായ ഒരു പ്രൊഫെസർ ഒരിക്കൽ പറയുകയുണ്ടായി. മിക്കലാഞ്ചലോവിനെപ്പോലുള്ള ചില അതിമഹാന്മാരായ ചിത്രകാരർ നമ്മിൽ ജനിപ്പിക്കുന്ന ഭയഭക്തി സംയുക്തമായ ആദരവല്ല, തന്റെ ചിത്രങ്ങൾ മുഖേന വാൻഗോഗ് തന്നോട് ജനിപ്പിക്കുന്നത്. തന്റെ ചിത്രീകരണം പൊതുവായി കലാലോകത്തിൽ സുപ്രസിദ്ധങ്ങളായി ഭവിച്ച അദ്ദേഹത്തിന്റെ കസേര, പുകവലിക്കുന്ന പൈപ്പ്, അലങ്കാരരഹിതമായ ശയനമുറി മുതലായവയോട്, നാം

മഞ്ഞക്കസ്സേര, വിൻസെന്റ് വാൻഗോഗ്.

നിത്യം ഉപയോഗിക്കുന്ന സ്നേഹപൂർണ്ണമായ അടുപ്പമാണ് നമുക്ക് തോന്നുന്നത്. ഇത്തരം സർവ്വസാധാരണമായ സാധനങ്ങളെ ഇത്രയധികം വിനയയുക്തമായ അത്ഭുതത്തോടുകൂടി നിരീക്ഷിച്ച ആ ബാലതുല്യനായ മഹാചിത്രകാരനെ അഭിനന്ദിച്ച് പുഞ്ചിരിതൂകുക മാത്രമേ നാം ചെയ്യുകയുള്ളൂ. ഒരു ജനകീയ ചിത്രകല സൃഷ്ടിക്കണമെന്ന് വാൻഗോഗിന്റെ ഉദ്ദേശം അവസാനത്തിൽ ഈ രീതിയിൽ വിജയിച്ചു എന്നും പറയാവുന്നതാണ്.



ആർലേക്കാരിയായ യുവതി, വിൻസെന്റ് വാൻഗോഗ്.

മറ്റുള്ള മഹാചിത്രകാരന്മാരെപ്പറ്റി ചിന്തിക്കുമ്പോൾ, അവരുടെ കൃതികളെ പ്രത്യേകം പ്രത്യേകമായി ഓർക്കുവാൻ കുറെ വൈഷമ്യം തോന്നും. അവരുടെ കൃതികൾ ആകപ്പാടെ ജനിപ്പിക്കുന്ന സങ്കലമായ ബോധമാണ് നമ്മിൽ അപ്പോൾ ജനിക്കുന്നത്. നേരെമറിച്ച്, വാൻഗോഗിന്റെ സൂര്യകാന്തി പുഷ്പങ്ങളും, അദ്ദേഹത്തിന്റെ കസേരയും ബൂട്ട്സും മറ്റും നമ്മുടെ ദൃഷ്ടിയിൽനിന്ന് ഒരിക്കലും മായുന്നതല്ല.

മിക്കലാഞ്ചലോ

ഒരു മഹാചിത്രത്തിന് അപരിത്യാജ്യമായ ഗുണങ്ങൾ സജീവത്വം (Vitality) ഒരു ചിത്രത്തിന്റെ സന്ദേശം മുഴുവനും ഗ്രഹിക്കുന്നതിനായി അതിനെ വീണ്ടും വീണ്ടും സമീപിക്കാൻ പ്രേരിപ്പിക്കുന്ന അപാരത (Infinity), ഐക്യം (Unity) എന്നിവയാണ്. ഈ ഗുണങ്ങളെല്ലാം വാൻഗോഗിന്റെ ചിത്രങ്ങൾ ഉൾക്കൊണ്ടിരുന്നതിനാൽ, അദ്ദേഹത്തിന് ലോകത്തിലെ മഹാന്മാരായ ചിത്രകാരന്മാരുടെ ഇടയ്ക്ക് ഒരു സ്ഥാനമുണ്ടെന്ന് നിസ്സംശയം പറയാം. ഇന്ന് ജീവിച്ചിരിക്കുന്ന ഒരു നല്ല അമേരിക്കൻ ചിത്രകാരനായ എഡ്ലൻ എറ്റിങ്, ഒരു നല്ല ബെൽജിയൻ ചിത്രകാരനായ മറീസ് ദെ ഡാമിങ് മുതലായവരുടെ കൃതികളിൽ വാൻഗോഗിന്റെ ചിത്രകലാരീതിയുടെ സ്വാധീനശക്തി നിഴലിച്ചു കാണാം.

വാൻഗോഗിന്റെ ചിത്രങ്ങൾ



മില്ലിയേ എന്ന സുആവ് പട്ടാളക്കാരൻ, വിൻസെന്റ് വാൻഗോഗ്.

'സൂര്യകാന്തി പുഷ്പങ്ങൾ', 'മഞ്ഞക്കസ്സേര', 'ആർലേ നഗരത്തിന് സമീപമുള്ള ഒരു പാടം', 'റൂലിൻ എന്ന പോസ്റ്റമാൻ', 'ആർലേക്കാരിയായ യുവതി', 'മില്ലിയേ എന്ന സുആവ് പട്ടാളക്കാരൻ', 'പൂത്ത പെയർ വൃക്ഷം', 'മദ്മാസെൽ ഗാഷേ', 'ജീർണ്ണിച്ച വീട്' മുതലായവയാണ് വാൻഗോഗിന്റെ പ്രശസ്ത ചിത്രങ്ങൾ. ആത്മചരിത്ര വിശദീകരണമെന്ന നിലയ്ക്ക് ലോകത്തിലെ ഇതര സാഹിത്യകൃതികളിൽ ഒന്നായി പരിഗണിക്കാവുന്ന വാൻഗോഗിന്റെ കത്തുകളിൽ തന്റെ മിക്ക ചിത്രങ്ങളെക്കുറിച്ചും ഒരു റിമാർക്ക് അദ്ദേഹം ചേർത്തിട്ടുണ്ട്. ഈ റിമാർക്കുകൾ പലതും മുകളിൽ വിവരിച്ച അദ്ദേഹത്തിന്റെ വർണ്ണഭ്രമം പ്രസ്പഷ്ടമാക്കുന്നതിനാൽ, ഇവയിൽ ചിലതിനെ ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു. തന്റെ 'സൂര്യകാന്തി പുഷ്പങ്ങൾ' എന്ന സുപ്രസിദ്ധ പടത്തെ പ്പറ്റി 1888-ലെ ഒരു കത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു. "സൂര്യകാന്തിപൂവുകളുടെ അരഡസൻ ചിത്രങ്ങൾകൊണ്ട് എന്റെ ചിത്രമെഴുത്തുമുറി അലങ്കരിക്കാൻ ഞാൻ വിചാരിക്കുന്നു. ഈ അലങ്കാരം ഏറ്റവും മരതകപ്പച്ച മുതല് റോയൽ നീല വരെയുള്ള പലതരം നീലനിറങ്ങളോട് കൂടിയ ഭൂമികളിൽനിന്ന് വളർന്ന് പ്രകാശിക്കുന്നതും ഓറഞ്ച് ചായമിട്ട വീതികറഞ്ഞ പലകങ്ങളുകളാൽ ചുറ്റപ്പെട്ടതുമായിരിക്കും. ഗോത്തിക് ശില്പരീതിയിലുള്ള പള്ളികളിലെ ചായമിട്ട കണ്ണാടി ജനലുകളുടെ ഫലം അതു ജനിപ്പിക്കും". "ആർലേക്കാരിയായ യുവതി"യെക്കുറിച്ച് അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു. "ഇന്നലെ അതിശാന്തവും മനോഹരവുമായ മറ്റൊരു കാഴ്ച കാണുകയുണ്ടായി. കാപ്പിയുടെ നിറവും ചാമ്പൽ നിറമുള്ള തലമുടിയും ഇളം കറപ്പും വെള്ളയും ചേർന്ന കണ്ണുകളും ഇളംപിങ്ക് (ഒരുതരം ഇളംചുമപ്പ്) നിറത്തോടു കൂടിയ ഒരു തരം ചിട്ടി ബോഡീസുമുള്ള ഒരു യുവതിയായിരുന്നു അത്". 'മദ്മാസെൽ ഗാഷേ'യെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കുറിപ്പ് ഇങ്ങനെയാണ്: "ഇന്നലെയും മിനിഞ്ഞാന്നുമായി മദ്മാസെൽ ഗാഷേയുടെ പോർട്രയിറ്റ് ചിത്രം വരച്ചു. അത് നിങ്ങൾക്ക് താമസിയാതെ കാണാൻ സാധിക്കമെന്ന് വിശ്വസിക്കുന്നു. ആ സ്ത്രീയുടെ വസ്ത്രം പിങ്ക് നിറവും പിൻഭാഗത്തിലെ ചുമര് ഓറഞ്ച് പുള്ളികളോട്കൂടിയ പച്ചയും, കാർപെറ്റ് ചുവന്ന പുള്ളികളുള്ള പച്ചയും പിയാനോകളും ഊതനിറവുമാണ്." 'ജീർണ്ണിച്ച വീട്' എന്ന പടത്തെപ്പറ്റി അദ്ദേഹം ഇങ്ങനെ പറയുന്നു. "വെളുപ്പ്, ചുകപ്പ്, പച്ച എന്നീ നിറങ്ങളോടുകൂടിയ ഒരു സൈപ്രസ് മരത്തിനു സമീപം നിൽക്കുന്ന ഒരു ജീർണ്ണിച്ച വീടിനെ കാണിക്കുന്ന ഒരു ചെറിയ ഭൂദൃശ്യചിത്രം ഞാൻ വരച്ചു. അതിന്റെ ഡ്രോയിംഗ് നിങ്ങളുടെ പക്കലുണ്ടല്ലോ. വീട്ടിനകത്തിരുന്നാണ് ഞാനി ചിത്രം എഴുതിയത്. ഈ ഡ്രോയിംഗുകൾ എല്ലാറ്റിനെയുംകൊണ്ട്—നിങ്ങൾക്ക് വേണമെങ്കിൽ—ജാപ്പാനീസ് പ്രിന്റുകൾപോലെയുള്ള ഇത്തരം ചെറിയ ചിത്രങ്ങൾ എനിക്ക രചിക്കുവാൻ സാധിക്കുമെന്ന് ഇത് സ്പഷ്ടമാക്കുന്നതാണ്."

ജീർണ്ണിച്ച വീട്

ജീർണ്ണിച്ച വീട്, വിൻസെന്റ് വാൻഗോഗ്.

വാൻഗോഗിന്റെ ചിത്രങ്ങൾ കാഴ്ചയിൽ എങ്ങനെയിരിക്കുമെന്ന് കാണിക്കുവാനായി അദ്ദേഹത്തിന്റെ ജീർണ്ണിച്ച വീട് എന്ന പടത്തെയുത്ത് ഇവിടെ വർണ്ണിക്കുന്നു. റെക്റ്റാംഗിളിന്റെ ആകൃതിയിലുള്ള ഈ ചിത്രത്തിന്റെ പശ്ചാത്തലത്തിൽ പ്രായേണ നീണ്ട ത്രികോണരൂപമുള്ളതും, പൊക്കമേറിയതുമായ ഒരു ഇരുണ്ട പച്ച സൈപ്രസ് വൃക്ഷത്തിന്റെ വലതുവശത്തോട് ചേർന്ന് ഈ ചിത്രത്തിന് പേരുനൽകിയ ചതുരാകൃതിയുള്ള ജീർണ്ണിച്ച വീട് സ്ഥിതി ചെയ്യുന്നു. അതിന്റെ ചുവന്ന മേൽക്കൂരയുടെ വലതുവശത്തുള്ള ഒരു ഭാഗം പൊളിഞ്ഞുപോയിരിക്കുന്നു. വെള്ളച്ചമതകളിൽ മുകളിലും താഴെയുള്ള മൂന്നു പച്ച ജനലുകളുടെയും ഒരു വാതിലിന്റെയും മുകളിലത്തെ ഭിത്തികളുടെ കുറെ ഭാഗങ്ങൾ ഇടിഞ്ഞിരിക്കുന്നതു കാണാം. പശ്ചാത്തലത്തിൽ ചിത്രീകരിച്ചിരിക്കുന്ന ഇളം പച്ചയായ ആകാശത്തിൽ ഇളം മഞ്ഞ വിശിയ മേഘങ്ങൾ കാണാവുന്നതാണ്. ഈ ആകാശത്തിലേക്ക പൊങ്ങി വലതു വശത്ത് നാലഞ്ചു കനംകുറഞ്ഞ തടിയുള്ള വൃക്ഷങ്ങളും ഇടതുവശത്ത് ഇത്തരം അഞ്ചു വൃക്ഷങ്ങളും നിൽക്കുന്നു. ഈ വൃക്ഷങ്ങളിൽ ചുകപ്പും മഞ്ഞയും നിറങ്ങളുള്ള നീണ്ട പൂവുകൾ ഉള്ളതായി കാണാം. പ്രസ്തുത ജീർണ്ണിച്ച വീടിന്റെ വലതു വശത്ത് ഒരുണങ്ങിയ തടിയൻ വൃക്ഷക്കുറ്റിയാൽ മിക്കവാറും മറയ്ക്കപ്പെട്ട മറ്റൊരു വീടും, ഇടതുവശത്ത് വളരെ പിറകിലായി ആകാശത്തിന്റെ അടിവശത്തോട് ചേർന്ന് നെടുനീളത്തിൽ അല്പം വീതിയിൽ നീലച്ചായമിട്ടിരിക്കുന്നു. ഈ നീലസ്ഥലത്തിന് മുമ്പിലായി കാണുന്ന പുൽപ്രദേശത്തിന് ഇരുണ്ട ഓറഞ്ച് നിറത്തോടുകൂടിയ ചില ചെടികൾ നിൽക്കുന്നു.

പൂത്ത പെയർ വൃക്ഷം, വിൻസെന്റ് വാൻഗോഗ്.

ചിത്രത്തിന്റെ മുൻഭാഗത്ത് അഗ്നിജ്വാലാകൃതിയോടുകൂടിയ ഒരു റോഡ് ചിത്രത്തിന്റെ കീഴ്ഭാഗത്തെ ഇടത്തെ മൂലയിൽനിന്നു ജീർണ്ണിച്ച ഭവനത്തിന്റെ വലതുവശത്തേക്ക് പോകുന്നതും, ഈ റോഡിന്റെ ഇരുവശങ്ങളിലുമുള്ളതും, അഗ്നിജ്വാലാകൃതിയിലുള്ള പുല്ലുകൾ നിറഞ്ഞതും, പല ഉണങ്ങിയ വൃക്ഷക്കുറ്റികളോടു കൂടിയതുമായ ഭൂമിയും വളരെ വിസ്തരിച്ച് ചിത്രീകരിച്ചിരിക്കുന്നു. റോഡു നിറഞ്ഞിരിക്കുന്ന കണ്ടും കുഴിയും കടും ഊതച്ചായം ട്യൂബിൽനിന്നും ഞെക്കിയൊഴിച്ച് കോണിപ്പടി രൂപത്തിൽ കാണിച്ചിരിക്കുന്നു. വെള്ളം കെട്ടിനിൽക്കുന്ന റോഡിന്റെ ചില ഭാഗങ്ങളെ ഇളം നീലച്ചായമിട്ടും, ഉണങ്ങിയ പുല്ലു നിറഞ്ഞ റോഡിന്റെ ഭാഗങ്ങളെ ഒരുതരം ഇരുണ്ട മഞ്ഞച്ചായമിട്ടും പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. റോഡിന്റെ വലതുവശത്ത് കാണുന്ന രണ്ടു തടിയൻ വൃക്ഷക്കുറ്റികൾക്ക് ഇളം ഊതയും കടും ഓറഞ്ചും നിറങ്ങൾ നൽകിയിരിക്കുന്നു. റോഡിന്റെ ഇടതുവശത്ത് അതിന്റെ അരികിന് സമീപിച്ച് നെടുനീളത്തിൽ നിൽക്കുന്ന ഇരുപതിൽപരം ചെറിയ വൃക്ഷക്കുറ്റികൾക്ക് കടും ഊതനിറത്തിലുള്ള ചായം ഇട്ടിട്ടുണ്ട്. റോഡിന്റെ ഇരുവശങ്ങളും നിറഞ്ഞുനിൽക്കുന്ന പുല്ലുകൾക്ക് ഇരുണ്ട മഞ്ഞനിറവും ഇടയ്ക്കിടയ്ക്ക് കടുംപച്ച നിറവും കടും ഊതനിറവും നൽകിയിരിക്കുന്നു. പച്ച പുല്ലുകൾക്ക് ഔട്ട്ലൈൻ രേഖകളും വരച്ചിരിക്കുന്നു. ഓരോ പുല്ലും വികാരത്തള്ളൽ നിമിത്തം വളഞ്ഞുപുളഞ്ഞ് ആ ഭൂഭാഗക്കാഴ്ചയിൽ പൊന്തിച്ച നിൽക്കുന്ന സ്വഭാവമായ ജീർണ്ണിപ്പിനെ അത്യുച്ചത്തിൽ വിളിച്ചുപറയുന്നതായി തോന്നും. ഉണക്കിന്റെ ഒരു നിറമായ മഞ്ഞ വീശിയിട്ടുള്ള ഒരു ആകാശവും ഈ ജീർണ്ണിപ്പിനെ സൂചിപ്പിക്കുകയാണ് ചെയ്യുന്നത്. പുല്ലുകളുടെ പച്ച നിറത്തിന്റെ അപൂർവ്വതയും, ഉണക്കിന്റെ മറ്റൊരു നിറമായ ഊതയുടെ പ്രാചുര്യവും ഈ ജീർണ്ണിപ്പിന്റെ ബോധത്തെ വർണ്ണിക്കുന്നുമുണ്ട്.



ആർലേ നഗരത്തിന് സമീപമുള്ള ഒരു പാടം, വിൻസെന്റ് വാൻഗോഗ്.

17-11-40.

കേസരി ബാലകൃഷ്ണപിള്ള



പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്നു കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കടിപ്പള്ളിക്കുടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐച്ഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ചു വക്കീലായി പ്രാക്ടീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജി വെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്തു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാള്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014